**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1080 **03.12.2015** -ലെ മറുപടിയ്ക്ക്

## കേരള സർവ്വകലാശാല

*ചോദ്യം*
ശ്രീ. എ.കെ.ബാലൻ

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സർവ്വകലാശാലയിൽ നിലവിൽ എത്ര താൽക്കാലിക ജീവനക്കാർ ഉണ്ട്; തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | കേരള സർവ്വകലാശാലയിൽ നിലവിൽ 949 താൽക്കാലിക ജീവനക്കാരുണ്ട്; തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) | മേൽ ജീവനക്കാരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്തായിരുന്നു ;തെരഞ്ഞെടുപ്പ് സംബന്ധിച്ച് പത്രപരസ്യം നൽകിയിട്ടുണ്ടോ; | (ബി) | സർവ്വകലാശാല നിയമങ്ങൾക്ക് വിധേയമായി രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റി നിശ്ചയിച്ച മാനദണ്ഡങ്ങൾക്കനുസൃതമായി പത്രപരസ്യത്തിലൂടേയും സർവ്വകലാശാല വെബ്സൈറ്റ് വഴിയും അപേക്ഷകൾ സ്വീകരിച്ചാണ് താൽക്കാലിക നിയമനം നടത്തുന്നത്. സർവ്വീസിൽ നിന്നും വിരമിച്ചവരിൽ ഏതാനും ജീവനക്കാരുടെ സേവനം സർവ്വകലാശാലയ്ക്ക് അത്യാവശ്യമായി വന്നതു കൊണ്ട് ദിവസവേതനാടിസ്ഥാനത്തിൽ അവർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ജീവനക്കാർക്ക് സർവ്വകലാശാല നിശ്ചയിച്ചിട്ടുള്ള സേവന-വേതന വ്യവസ്ഥകൾ എപ്രകാരമാണ്; ഇവരുടെ സേവന കാലാവധി എത്ര വർഷമാണ്; കാലാവധിക്ക് | (സി) | മേൽപ്പറഞ്ഞവരുടെ ദിവസവേതനം സർക്കാർ ഉത്തരവുകൾക്കനുസൃതമായി നൽകുന്നു. ഒരു വർഷത്തെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നവർക്ക് സർവ്വകലാശാല സിൻഡിക്കേറ്റിന്റെ നിർദ്ദേശപ്രകാരം വേതനം നിജപ്പെടുത്തുന്നു. കാലാവധി കഴിയുമ്പോൾ അവർക്ക് ഒരു |

| | | | |
|---|---|---|---|
| | ശേഷം പുനർ നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് നിയമനം നൽകി; | | ദിവസത്തെ ഇടവേളക്കശേഷം വീണ്ടും ഒരു വർഷത്തേക്ക് / 89 ദിവസത്തേക്ക് നിയമനം നൽകിവരുന്നു. |
| (ഡി) | താൽക്കാലിക ജീവനക്കാരിൽ വികലാംഗർ, എസ്. സി., എസ്.റ്റി,, മറ്റ് സംവരണ വിഭാഗങ്ങൾ എന്നിവർ ഉണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | SC - 38<br>മറ്റ സംവരണ വിഭാഗം - 143<br>Ph - 21 |
| (ഇ) | താൽക്കാലിക ജീവനക്കാരിലെ വികലാംഗരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെയും സർവ്വകലാശാലയുടെയും നിലപാടുകൾ എപ്രകാരമായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ഇ) | സാമൂഹിക നീതി വകുപ്പിന്റെ ഉത്തരവുപ്രകാരം പ്രൊവിഷണൽ അസിസ്റ്റന്റ് തസ്തികയിൽ ജോലിചെയ്തിട്ടുള്ള വികലാംഗരായ 5 പേർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ട്. ഇതിൽ രണ്ട് പേർ കേരള സർവ്വകലാശാലയിൽ താൽക്കാലിക ജീവനക്കാരായി തുടർന്ന് ജോലിചെയ്തിട്ടുള്ളവരാണ്. നിബന്ധനകൾക്ക് വിധേയമായി വികലാംഗരായ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നുള്ള സർക്കാർ നിർദ്ദേശം സർവ്വകലാശാലയുടെ പരിഗണനയിലാണ്. |
| (എഫ്) | താൽക്കാലിക ജീവനക്കാരിൽ ആരെങ്കിലും വ്യാജപ്പേരിൽ ഏതെങ്കിലും ജനപ്രതിനിധികളുടെ പേഴ്സണൽ സ്റ്റാഫിൽ പ്രവർത്തിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കി® എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എഫ്) | കരാർ തസ്തികയിൽ ജോലിചെയ്തിരുന്ന ശ്രീ. സന്തോഷ് കുമാർ.കെ. കേരള ഗവ. ചീഫ് വിപ്പ് ശ്രീ. തോമസ് ഉണ്ണ്യാടന്റെ ഓഫീസിൽ ഈ കാലയളവിൽ ജോലി ചെയ്തിരുന്നതായി കണ്ടെത്തുകയും, ഇദ്ദേഹം ഗസറ്റിലൂടെ സ്വന്തം പേര് തിരുത്തുകയും അത് മറച്ച് വച്ചതായും ശ്രദ്ധയിൽ പെട്ടതു പ്രകാരം 26.10.2015 ൽ കരാർ വ്യവസ്ഥയിലെ ജോലിയിൽ നിന്നും പുറത്താക്കുകയും ചെയ്തിരുന്നു. |

| | | | |
|---|---|---|---|
| (ജി) | പ്രസ്തുത വ്യക്തിയെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം പരിഗണിച്ചിരുന്നോ; ഇതു സംബന്ധിച്ച് ലഭിച്ച നിവേദനങ്ങളിന്മേൽ എന്ത് നടപടിയാണ് ശിപാർശ ചെയ്തത്; വിശദമാക്കുമോ? | (ജി) | സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുള്ള ശ്രീ. സന്തോഷ് കുമാറിന്റെ നിവേദനം സിൻഡിക്കേറ്റിന്റെ പരിഗണനയിൽ വന്നിരുന്ന സമയത്ത് മേൽ സൂചിപ്പിച്ച ഗുരുതരമായ വീഴ്ച ശ്രദ്ധയിൽപ്പെടുകയും അദ്ദേഹത്തെ പിരിച്ചുവിടുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | |
|---|---|
| ഡാറ്റ എൻട്രി ഓപ്പറേറ്റേർസ് | 631 |
| കാഷ്വൽ എൽ ഡി ടൈപ്പിസ്റ്റ് | 27 |
| ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് | 2 |
| കാഷ്വൽ സെക്യൂറിറ്റി ഗാഡ് | 73 |
| ക്ലാസ് IV എംപ്ലോയീസ് | 35 |
| ഡ്രൈവർ | 18 |
| കണ്ടക്ടർ | 4 |
| കെയർ ടേക്കർ | 7 |
| ലൈബ്രറി അസിസ്റ്റന്റ് | 26 |
| ട്രാഫിക് വാർഡൻ | 4 |
| ഫോട്ടോസ്റ്റാറ്റ് ഓപ്പറേറ്റർ | 2 |
| ഇൻഡക്സിംഗ് അസിസ്റ്റന്റ് | 1 |
| ടെക്കിനിക്കൽ ഓഫീസർ | 2 |
| ടെക്കിനിക്കൽ അസിസ്റ്റന്റ് | 12 |
| ക്യൂറേറ്റർ | 1 |
| അസിസ്റ്റന്റ് ഫാം സൂപ്രണ്ട് | 1 |
| ആർട്ടിസ്റ്റ് ഫോട്ടോഗ്രാഫർ | 1 |
| ഗ്രാജ്വേറ്റ് ഫീൽഡ് അസിസ്റ്റന്റ് | 1 |
| ഹെർബാറിയം കം ഫീൽഡ് അസിസ്റ്റന്റ് | 1 |
| ഗാർഡൻ മേസ്ത്രി | 1 |
| എഡിറ്റോറിയൽ അസിസ്റ്റന്റ് | 4 |
| പ്രോഗ്രാമേഴ്സ് | 10 |
| കാഷ്വൽ സ്വീപ്പേഴ്സ് | 4 |

| | |
|---|---|
| സെക്ഷൻ കട്ടർ | 1 |
| കാഷ്വൽ വർക്കർ | 1 |
| കാഷ്വൽ ഗ്രൗണ്ട്സ് മാൻ | 1 |
| ടെക്കിനീഷ്യൻ | 3 |
| ഡി.റ്റി.പി. ഓപ്പറേറ്റർ | 1 |
| സീനിയർ പ്രോഗ്രാമർ | 1 |
| ഇൻഡക്സ് കംപോസർ | 1 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 1 |
| അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 1 |
| ഡിവിഷണൽ അക്കൗണ്ടന്റ് | 1 |
| ആഡിറ്റ് ക്ലർക്ക് | 1 |
| അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 2 |
| ഓവർസീയർ (ഇലക്ട്രിക്കൽ) ഗ്രേഡ്. II | 2 |
| വർക്ക് സൂപ്രണ്ട് ഗ്രേഡ്. II | 4 |
| ലൈൻ ഹൽപ്പർ | 11 |
| പമ്പ് ഓപ്പറേറ്റർ | 6 |
| പ്ലംബർ | 2 |
| റസിഡന്റ് മെഡിക്കൽ ഓഫീസർ | 1 |
| മെഡിക്കൽ അറ്റൻഡർ | 1 |
| ഹോണററി വാർഡൻ | 1 |
| വാർഡൻ | 1 |
| മേട്രൻ | 8 |
| റസിഡന്റ് നഴ്സ് | 1 |

| | |
|---|---|
| സ്വീപ്പർ | 1 |
| മെയിൽ കാഷ്വൽ ലേബർ | 1 |
| മാനസ്ക്രിപ്റ്റ് അസിസ്റ്റന്റ് ഗ്രേഡ് II | 2 |
| ഓയിലിംഗ് അസിസ്റ്റന്റ് | 3 |
| കംപ്യൂട്ടർ ടെക്കിനിഷ്യൻ | 1 |
| എഡിറ്റർ | 1 |
| അസിസ്റ്റന്റ് എഡിറ്റർ | 3 |
| റഫ്രിജറേഷൻ മെക്കാനിക് | 1 |
| ലൈബ്രറി ഗേൾ | 1 |
| അഡീഷണൽ ഡയറക്ടർ | 1 |
| ഓഫ് സെറ്റ് പ്രിന്റർ | 5 |
| ബയന്റർ | 7 |
| സെയിൽസ് മാൻ | 1 |

സെക്ഷൻ ഓഫീസർ